പരിഹരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണെന്ന് അവർ ഉറപ്പു നൽകി. തുടർന്ന് ദീർഘമായ ചർച്ചകൾക്കുശേഷം ഏടുത്ത തീരുമാനങ്ങളിലൊന്ന് കോഴിക്കോട് നഗരസഭ ബദൽ സ്ഥലം കണ്ടെത്തുന്നതിന് കോഴിക്കോട് നഗരവികസന അതോറിറ്റിയുടെ സഹായം തേടണമെന്നാണ്. അതിനുശേഷം ഇതിനുവേണ്ടി വളരെയധികം ശ്രമങ്ങൾ നടന്നിട്ടുണ്ട്. അദ്ദഹം ഒന്നും നടന്നില്ലെന്നു പറയുന്നത് ശരിയല്ല. കോഴിക്കോട് നഗരവികസന അതോറിറ്റി മാവൂർ പഞ്ചായത്തിൽ റീസർവ്വെ നമ്പർ 23/6-ൽ നൂറ് ഏക്കറോളം സ്ഥലം പ്രാഥമികാന്വേഷണത്തിൽ കണ്ടെത്തുകയും ആ സ്ഥലം മാലിന്യ നിർമ്മാർജ്ജനത്തിന് അനുയോജ്യമാണോയെന്ന് അറിയിക്കാൻ കോർപ്പറേഷൻ പൊല്യൂഷൻ കൺട്രോൾ ബോർഡിനോട് ആവശ്യപ്പെടുകയും ചെയ്തു. പക്ഷെ അവിടെയും സമീപവാസികൾ ഇതിനിടെ റോഡെന്നുള്ള ആവശ്യവുമായി, സമരവുമായി മുന്നോട്ട് വന്നിരിക്കുകയാണ്. അതേസമയം ഞെളിയൻപറമ്പിന് ചുറ്റുമുള്ള ആളുകളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ കോഴിക്കോട് നഗരസഭ ശ്രമങ്ങൾ നടത്തിവരുന്നു എന്ന് അറിയിക്കുകയുണ്ടായി. ശുദ്ധജലം എത്തിക്കുന്നതിന് കോർപ്പറേഷൻ സ്വന്തം ചെലവിൽ സജ്ജീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. മാലിന്യങ്ങൾ പരന്ന് ഒഴുകുന്നത് തടയുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിലുള്ള അവശിഷ്ടങ്ങൾ ലാൻഡ് ഫിൽ ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ 27-ാം തീയതി ഉണ്ടായ തീപിടുത്തം ഫയർഫോഴ്സിന്റെ സഹായത്തോടെ നിയന്ത്രണ വിധേയമാക്കിയിട്ടുണ്ട്. സ്ഥലവാസികളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. കൂടാതെ പ്ലാന്റിന് ചുറ്റും ഗ്രീൻ ബെൽറ്റ് നിർമ്മിക്കുന്നതിനും സ്ഥലം എടുക്കാനുമായി ഒരു കോടി രൂപ ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. നവീകരണത്തിനാവശ്യമായ തുകയുടെ 50 ശതമാനം കേന്ദ്ര സർക്കാരിന്റെ വനം-പരിസ്ഥിതി വകുപ്പിൽ നിന്നും ലഭിക്കും. ഇതിന് രണ്ടുകോടി രൂപ മുടക്കിക്കഴിഞ്ഞു. മാലിന്യ സംസ്കരണ പ്ലാന്റിന്റെ നവീകരണം ആറുമാസത്തിനുള്ളിൽ പൂർത്തിയാകുമെന്ന് കോർപ്പറേഷൻ അറിയിച്ചിട്ടുണ്ട്. അഴുക്കുചാൽ സംസ്കരണത്തിന് പ്രോജക്ട് തയ്യാറാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. 4-2-06-ന് കോഴിക്കോട് കളക്ടർ വിളിച്ചുചേർത്ത യോഗതീരുമാനപ്രകാരം പഴയ മാലിന്യ കൂമ്പാരം നീക്കുന്നതിന് കമ്പനി വിളിക്കുന്നതാണ് അതിൽതന്നെ 10 ലോഡ് ഉടൻ മാറ്റാൻ നടപടി സ്വീകരിക്കും.

(4) മണ്ണാർക്കാട് നിയോജകമണ്ഡലത്തിൽ ഇലക്ട്രിസിറ്റി ബോർഡിനെ ഏല്പിച്ച പണികൾ ആരംഭിക്കുന്നത് സംബന്ധിച്ച്

<u>ശ്രീ. കളത്തിൽ അബ്ദുള്ള:</u> സർ, കേരളത്തിലെ ഏറ്റവും വലിയ നിയോജകമണ്ഡലങ്ങളിലൊന്നാണ് മണ്ണാർക്കാട് നിയോജകമ്ഡലം. ഇനിയും വൈദ്യുതി എത്താത്ത നൂറുകണക്കിന് ഗ്രാമങ്ങൾ എന്റെ നിയോജകമണ്ഡലത്തിന്റെ സവിശേഷതയായ ഒരു പ്രത്യേകതയാണ്. എം. എൽ. എ. ഫണ്ട് ഞാൻ ഡെപ്പോസിറ്റ് ചെയ്തത് കൂടുതലും വൈദ്യുതിക്കാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്പോസിറ്റ് ചെയ്തത് ഞാനാണ്. ദൗർഭാഗ്യകരമെന്നുപറയട്ടെ, ഒന്നരക്കൊല്ലംമുമ്പ് നിർദ്ദേശങ്ങൾ സമർപ്പിച്ച പല സ്കീമുകളും തുടങ്ങാനുള്ള പല സാങ്കേതികത്വങ്ങളും അതുപോലെതന്നെ ഫയലുകളുടെ ചലനമില്ലായ്മയുമൊക്കെ കാരണം ഇന്ന് നൂറു കണക്കിന് വൈദ്യുതി ലൈനുകൾ വലിക്കുന്നത് പെൻഡിങ്ങായി കിടക്കുകയാണ്. സത്യത്തിൽ പണം നിക്ഷേപിച്ച എം. എൽ. എ. മാർക്കെതിരായിട്ട് ജനങ്ങൾ തിരിയുന്ന സാഹചര്യം വൈദ്യുതി ബോർഡിന്റെ പ്രവർത്തനംമൂലമുണ്ടായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ പി. പി. എസ്.നാണ് ഇപ്പോഴും പ്രയോറിറ്റി കൊടുക്കുന്നത്. പിന്നീട് പ്ലാ. പി. ഫണ്ടിനാണ്. പിന്നീടാണ് എം. എൽ. എ. ഫണ്ടിന് കൊടുക്കുന്നത്. അതു കൊണ്ട് എല്ലാ പ്രയോറിറ്റികളും മാറ്റിവച്ച് എം. എൽ. എ. മാർ നിക്ഷേപിച്ച എസ്. ടി. എഫി-ന്റെ വർക്കുകൾ മാർച്ച് മാസം 31-ാം തീയതിക്കകം പൂർത്തികരിക്കണമെന്നുള്ള നിർദ്ദേശം ബഹുമാനപ്പെട്ട മന്ത്രിയിൽനിന്നും ബന്ധപ്പെട്ടവർക്ക് കൊടുക്കണം. ബഹുമാന്യനായ പിണറായി വിജയന്റെ കാലത്ത് കെട്ടിവെച്ച മിനിമം ഗ്യാരണ്ടി വർക്ക് ആർ. ജി. ജി. വി. വൈ. ആയി കൺവർട്ടുചെയ്തത്, ഇപ്പോഴും പാലക്കാട് ജില്ലയിൽ ഒരു സ്കീമും ഉൽഘാടനം ചെയ്തിട്ടില്ല. ഈ കാര്യങ്ങൾ അടിയന്തിരമായി പരിഗണിക്കാൻ ബഹുമാനപ്പെട്ട മന്ത്രി ഒരു വ്യക്തമായ ഉറപ്പു നൽകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ഊർജ്ജവകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മണ്ണാർക്കാട് എം. എൽ. എ. വളരെയധികം പണം ഇലക്ട്രിഫിക്കേഷനുവേണ്ടി അടയ്ക്കുന്നുണ്ട്. 2004-05-ൽ 86 വർക്കുകൾക്ക് 47.8 ലക്ഷം രൂപ അദ്ദേഹം അടച്ചിട്ടുണ്ട്. 86 വർക്കും പൂർത്തികരിച്ചു കഴിഞ്ഞു. പിന്നീട് അദ്ദേഹം 2005-2006-ൽ, ഈ വർഷം 162 വർക്കുകൾക്ക് 78.53 ലക്ഷം രൂപ കെട്ടിവെച്ചു അതിൽ 8.41 ലക്ഷം രൂപയുടെ 25 വർക്കുകൾ ഇതിനകം തീർന്നിട്ടുണ്ട്. 2005-06-ൽ 19.71 ലക്ഷം രൂപയ്ക്കുള്ള 44 വർക്കുകൾക്ക് അടച്ചു. 44 വർക്കുകൾ വിവിധ ഘട്ടങ്ങളിൽ നടന്നു വരുന്നു. 23-11-2005 മുതൽ, മൂന്നുമാസം മുമ്പ് അടച്ച 48.45 ലക്ഷം രൂപ അടങ്കലുള്ള 93 വർക്കുകൾ ടെണ്ടർ ചെയ്തുകഴിഞ്ഞു. ഇതാണ് പൊസിഷൻ. സത്യം പറഞ്ഞാൽ എന്റെ കോൺസ്റ്റിറ്റുവൻസിയേക്കാൾ അധികമാണ്. പിന്നീട് ഒരു കാര്യം പറയാനുള്ളത്, വേറെയും ചില എം. എൽ. എ. മാരൊക്കെ ഇതു പോലെ പണം അടക്കുന്നുണ്ട്. മെറ്റീരിയൽസിന്റെ കുറച്ച് കുറവുണ്ട്. അത് തീർക്കുവാൻവേണ്ടി കുറെ നടപടികൾ കൈക്കൊണ്ടു. പ്രത്യേകിച്ച് കണ്ടക്ടർ (കമ്പി) ലഭിക്കുന്നതിനുവേണ്ടി ട്രാൻകോ കേബിളിന് 11 കോടി രൂപ അഡ്വാൻസ് ചെയ്തു. അത് പബ്ലിക് സെക്ടറാണ്. അവരുടെ പ്രൊഡക്ഷൻ ഡബിൾ ചെയ്ത് മുഴുവൻ വാങ്ങിക്കൊണ്ടിരിക്കുകയാണ്. അതുപോലെ പോസ്റ്റിന്റെ കാര്യത്തിലും കുറച്ച് കൂടുതൽ ടെണ്ടർ ചെയ്തു. പുതിയ പ്രൊഡ് കാസ്റ്റിംഗ് യൂണിറ്റ് ഒരു പന്ത്രണ്ടെണ്ണം ഉദ്ഘാടനംചെയ്തിട്ടുണ്ടെങ്കിലും മൂന്ന് നാലെണ്ണത്തിന്റെ പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. മെറ്റീരിയൽസിന്റെ പ്രോബ്ലം തീർന്നുവരികയാണ്. എന്നാലും പൂർണ്ണമായിട്ടില്ല. ചെറിയ ചില സാധനങ്ങൾ ആവശ്യമായി വന്നിട്ടുണ്ട്. ഡെപ്യൂട്ടി സി. ഇ. മാരോട് ലോക്കലായി വാങ്ങി, ഉടൻ കണക്ഷൻ നൽകാൻ നിർദ്ദേശിച്ചിട്ടുണ്ട്. മാരോ സി. ഇ.ക്കും 50 ലക്ഷം രൂപയുടെ മാന്ഡേറ്റ്

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായ അനുവാദം നൽകിയിട്ടുണ്ട്. മെമ്പർ ഇവിടെ പറഞ്ഞ കാര്യം കുറെയൊക്കെ ശരിയാണ്. പക്ഷെ മറ്റു പല കോൺസ്റ്റിറ്റുവൻസികളെയും അപേക്ഷിച്ച് അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റുവൻസി ഭേദമാണ്. എന്നാലും കുറച്ച് പെന്റിംഗ് ഉണ്ട്. ..... മേഘനനും കുറച്ച് പണം അടയ്ക്കുന്ന കൂട്ടത്തിലാണ്. എപ്പോഴും വിളിക്കുകയും ചെയ്യും. ഇതുപോലെ തന്നാൽ ഡോറ്റയച്ച് കാര്യങ്ങൾ പറയാം. ..... ചന്ദ്രനൊന്നും പണം അടയ്ക്കുന്നില്ല. ..... (ബഹളം) ..... പണം അടയ്ക്കുന്നവർക്കല്ലേ കൊടുക്കുക. ..... സർ, ഇങ്ങനെ ചെയ്താൽ എന്തുചെയ്യും?

മി. സ്പീക്കർ: ഓരോരുത്തർ ഓരോ പ്രോജക്ട് കൊണ്ടുവരും. അത്രയല്ലേ പറഞ്ഞിട്ടുള്ളൂ.

ശ്രീ. ആര്യാടൻ മുഹമ്മദ്: ..... (ബഹളം) ..... അത് എങ്ങനെ? ഇവിടെ ആൻസർ ചെയ്താൽ വേറെ ചോദിക്കുന്നത് എങ്ങനെ? ചന്ദ്രൻ പണം അടച്ചിട്ടുണ്ട് എങ്കിൽ ഇതുപോലെ ചോദ്യം ചോദിക്കുകയോ സബ്മിഷൻ തരുകയോ ചെയ്താൽ ഇതുപോലെ ഉത്തരം തരും. അല്ലാതെ സർ, ... മണ്ണാർക്കാടിന്റെ കാര്യം ചോദിച്ചാൽ ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസിക്ക് മറുപടി പറയുമോ? മണ്ണാർക്കാടിന്റെ ചോദിച്ചാൽ മണ്ണാർക്കാടിന് ഉത്തരം പറയും. അദ്ദേഹം ചോദിച്ച ഒരു കാര്യം പ്രധാനപ്പെട്ടതാണ്. 1-4-2005-നു ശേഷം വൈദ്യുതി കണക്ഷൻ ലഭിക്കുന്ന ആളുകളായും മിനിമം ഗ്യാരണ്ടി ചാർജ്ജ് കൊടുക്കേണ്ടതില്ലെന്ന തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. മിനിമം ഗ്യാരണ്ടി വർക്കു മുഴുവൻ ഇപ്പോൾ അറേഞ്ച് ചെയ്തു കഴിഞ്ഞു. ഈയിടെ കേരളകത്ത് ഉദ്ഘാടനം ചെയ്തത് 995-ലെ മിനിമം ഗ്യാരണ്ടിവച്ചവർക്കാണ്. അതിനേക്കാളുമൊക്കെ എത്ര ബെറ്ററാണ് മണ്ണാർക്കാട് കോൺസ്റ്റിറ്റുവൻസി. അതുകൊണ്ട് ഇനിയും കുറെ സ്ഥലങ്ങളിൽ മിനിമം ഗ്യാരണ്ടിയുണ്ട്. ചന്ദ്രന്റെ കോൺസ്റ്റിറ്റുവൻസി കാണും. വേറെ എന്റെ കോൺസ്റ്റിറ്റുവൻസിയുണ്ട്. അതെല്ലാം പരമാവധി വേഗതയിൽ ചെയ്യാൻ ശ്രമിക്കും. ഇലക്ട്രിസിറ്റിയുടെ കുറച്ച് കുറവുണ്ട്. അത് പരിഹരിക്കാനുള്ള നടപടി സ്വീകരിക്കും.

(5) പരവൂർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : കൊല്ലം ജില്ലയിലെ രണ്ട് മുനിസിപ്പൽ പട്ടണങ്ങളിലൊന്നാണ് എന്റെ മണ്ഡലത്തിലെ പരവൂർ. രണ്ടുമൂന്ന് തവണയായി ഇവിടെ ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള എ. എസ്. പുതുക്കിക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ 2003-ൽ എ. എസ്. കിട്ടിയിട്ട് ഇപ്പോൾ ഇതുവരെ പ്രവർത്തനമാരംഭിച്ചിട്ടില്ല. ഇതിനുവേണ്ടി ഇതിന്റെ ഉദ്യോഗസ്ഥന്മാർ വന്നപ്പോഴെല്ലാം എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നതിന് മുനിസിപ്പാലിറ്റി സമ്മതിച്ചിട്ടുള്ളതും അത് അനുസരിച്ച് അവർ കെട്ടിടങ്ങളെടുത്തിട്ടുള്ളതുമാണ്. കേരളത്തിലെ ഏറ്റവും വലിയ എൽ. പി. ജി. ബോട്ട്‌ലിങ് പ്ലാന്റ് ഇപ്പോഴും കൊച്ചി കഴിഞ്ഞാൽ പാരിപ്പള്ളിയിലാണ് പ്രവർത്തിക്കുന്നത്. എന്തെങ്കിലും അത്യാഹിതമുണ്ടായാൽ കൊല്ലത്തുനിന്നും 25, 26

LIBRARY ARCHIVES Kerala Legislative Assembly